

# G.F.U.P.S. VATANAPPALLY



# Academic Master Plan 2025-26

# Profile

Name of School : G.F.U.P.S. Vatanappally

Year of establishment : 1921

Name of Village : Vatanappally

Name of Panchayath : Vatanappally

Name of Block : Thalikulam

Name of District : Thrissur

Name of Sub District : Valapad

Name of Hm : Sophy. P.P.

Mobile Number : 9567088034

Senior Assistant : Naseema. M.S.

School Code : 24552

Name of Taluk : Chavakkad

## ആമുഖം.

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാൻ ആവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച്, സമൂഹത്തെ മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹിക പുരോഗതിയാണ് നാം ലക്ഷ്യം വയ്ക്കുന്നത്. വികസനോന്മുഖമായ ഒരു സമൂഹ നിർമ്മിതിക്ക് ഉതകുന്ന വിധത്തിൽ വിദ്യാഭ്യാസ പ്രക്രിയയെ രൂപകൽപന ചെയ്യേണ്ടതുണ്ട്. വികസിതവും സുസ്ഥിരവുമായ ഭാവി കൈവരിക്കുന്നതിനായി 2015 ൽ യു.എൻ സുസ്ഥിരവികസനത്തിന്റെ 17 സൂചികകൾ സൂചിപ്പിക്കുകയും അവ നിർവചിക്കുകയും ചെയ്തു. ദാരിദ്ര്യം ഇല്ലായ്മ, വിശപ്പുരഹിതം, നല്ല ആരോഗ്യവും ക്ഷേമവും, ഗുണനിലവാരമുള്ള വിദ്യാഭ്യാസം, ലിംഗ സമത്വം തുടങ്ങി 17 സൂചികകളിൽ നാലാമതായി പറഞ്ഞിരിക്കുന്ന ഗുണനിലവാരമുള്ള വിദ്യാഭ്യാസം എന്നത് മറ്റെല്ലാത്തിന്റെയും അടിസ്ഥാനമായി വർത്തിക്കുന്നു. ഗുണനിലവാരമുള്ള വിദ്യാഭ്യാസം എന്ന സൂചകത്തിന് 10 ലക്ഷ്യങ്ങൾ നിർവചിച്ചിട്ടുണ്ട് എല്ലാവരെയും ഉൾക്കൊള്ളുന്നതും തുല്യതയുള്ളതുമായ

വിദ്യാഭ്യാസം ഉറപ്പാക്കുകയും എല്ലാവർക്കും ആജീവനാന്ത പഠനാവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ദൗത്യം.

സംസ്ഥാനത്ത് നടപ്പിലാക്കിയ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിദ്യാഭ്യാസരംഗത്ത് അഭൂതപൂർവ്വമായ ഉണർവ്വ് സൃഷ്ടിച്ചു. ഇതിന്റെ ഭാഗമായി വിദ്യാലയങ്ങൾ ഭൗതികരംഗത്തും അക്കാദമിക രംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചു. ഇതിന്റെ തുടർച്ചയായി വിദ്യാലയങ്ങളുടെ ഭൗതികാന്തരീക്ഷം മെച്ചപ്പെട്ടു. അതിനോടൊപ്പം പൊതു സമൂഹത്തിന്റെ പിന്തുണയോടെ അക്കാദമിക മികവിലേക്കുയരുന്ന പ്രവർത്തനങ്ങളാണ് വിദ്യാലയങ്ങളിൽ നടപ്പാക്കേണ്ടത്.

# സ്കൂൾ ചരിത്രം.

വാടാനപ്പള്ളി പഞ്ചായത്തിന്റെയും തളിക്കുളം പഞ്ചായത്തിന്റെയും അതിർത്തിയിലായി ഇന്ന് നിലവിലുള്ള ആലുങ്ങൽ ക്ഷേത്രത്തിനു സമീപം 23സെന്റ് സ്ഥലത്ത് സ്കൂൾ നിലവിൽ വന്നു. 1920ൽ സ്ഥാപിച്ച ഈ സ്ഥാപനത്തിന് 1921ൽ അംഗീകാരം ലഭിച്ചു കുന്നത്ത് ശങ്കു, കണ്ണംച്ചം പുരയ്ക്കൽ തേവൻ, കുഞ്ഞാമൻ മാഷ് എന്നിവരുടെ മേൽനോട്ടത്തിൽ ചെങ്കല്ലുകൊണ്ടുള്ള ചുവരുകളും തെങ്ങിൻതടികളും ഓലകളും കൊണ്ട് മേഞ്ഞ മേൽക്കൂരയുമായി പണിത ഒരു ഷെഡ്ഡായിരുന്നു ആദ്യത്തെ സ്കൂൾ കെട്ടിടം. ഒന്നു മുതൽ അഞ്ചുവരെയുള്ള ക്ലാസ്സുകളാണ് നിലവിലുണ്ടായിരുന്നത്. ആദ്യകാല അധ്യാപകരും വിദ്യാർത്ഥികളും ദരിദ്രകർഷകരും മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിന്നാണ് എത്തിയിരുന്നത്. സ്കൂൾ അഞ്ചാം ക്ലാസ്സിൽ നിന്ന് പടിപടിയായി ഏഴാം തരം വരെയെത്തി. ഭൂരിഭാഗം ക്ലാസ്സുകളും ഓലമേഞ്ഞ ഷെഡ്ഡിലായിരുന്നു പ്രവർത്തിച്ചിരുന്നത്. 1970ൽ സ്കൂളിനായി അഞ്ച് ക്ലാസ്സ് മുറികളുള്ള വരാന്തയോടുകൂടിയ 'L' ആകൃതിയിലുള്ള

കെട്ടിടം പണിതു. 04/01/1992ൽ അഞ്ചു ക്ലാസ്സ് മുറികളോടു കൂടിയ മനോഹരമായ ഒരു കോൺക്രീറ്റ് കെട്ടിടം സ്കൂളിനായി നിലവിൽ വന്നു. ചുരുക്കത്തിൽ 23 സെന്റ് സ്ഥലത്ത് ഓലമേഞ്ഞ കെട്ടിടവും മുറ്റത്ത് ഒരു കുടിവെള്ള കിണറും ചുറ്റും വേലിയുമായി 1921-ൽ തുടങ്ങിയ ഗവ: മിഷനറീസ് യു. പി. സ്കൂൾ വാടാനപ്പള്ളി പഞ്ചായത്തിൽ 90 സെന്റ് സ്ഥലത്ത് വികസിച്ച് സൗകര്യങ്ങളുള്ള നാല് കെട്ടിടങ്ങളാലും ചുറ്റും തണൽ വൃക്ഷങ്ങളും ചെറിയ കളിസ്ഥലവുമായി നാലു വശവും മതിലുമായി നിലകൊള്ളുന്നു.

# ഭൗതിക സാഹചര്യങ്ങൾ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് | സാമ്പത്തികം. |
|---|---|---|---|
| ക്ലാസ്മുറി | 10 | – | – |
| കിണർ | 1 | | |
| ലൈബ്രറി | 1 | | |
| ചുറ്റുമതിൽ | ഉണ്ട്. | | |
| കളിസ്ഥലം | ഇല്ല | 1 | പഞ്ചായത്ത് |
| ക്ലാസ് മുറിയിൽ ഫാൻ | ഉണ്ട് | | |
| അടുക്കള | 1 | | |
| കമ്പ്യൂട്ടർ ലാബ് | 1 | | |
| വിഷയലാബുകൾ | | | |
| സ്റ്റേജ് | 1 | നവീകരണം | പഞ്ചായത്ത് |
| ലാപ്ടോപ്പുകൾ | 6 | 3 | പഞ്ചായത്ത്/ബ്ലോക്ക്. |
| സൗണ്ട് സിസ്റ്റം | 2. | 1 | പഞ്ചായത്ത് |
| പ്രൊജക്ടർ | 6+2 | | |
| സ്മാർട്ട് TV | 2 | 1 | പഞ്ചായത്ത് |
| ഗ്രീൻ ബോർഡ് | 1 | 1 | പഞ്ചായത്ത് |
| സ്പോർട്സ് കിറ്റ് | - | 2 | പഞ്ചായത്ത്. |
| | | | |
| | | | |

| ക്രമനമ്പർ | അധ്യാപകർ പേര് | തസ്തിക. |
|---|---|---|
| 1 | സോഫി. പി. പി. | പ്രധാനാധ്യാപിക |
| 2. | നസീമ. എം. എസ്. | എൽ. പി. എസ്. എ. |
| 3. | ഗ്രീഷ്മ. ഇ. ജി. | എൽ. പി. എസ്. എ. |
| 4. | വിമല. പി. എച്ച്. | എൽ. പി. എസ്. എ. |
| 5. | ജി. ജി. സി. ജോർ | എൽ. പി. എസ്. എ. |
| 6. | ബ്ലെസി. സെബാസ്റ്റ്യൻ | യു. പി. എസ്. എ |
| 7. | ഷാനി. എൻ. എ. | യു. പി. എസ്. എ. |
| 8. | ജ്യോതി. വി. ബി. | പാർട്ട് ടൈം ഹിന്ദി |
| 9. | സന്ധ്യ. വി. രാജൻ | പ്രീപ്രൈമറി ടീച്ചർ |
| 10. | സോയ. എ. കെ. | പ്രീപ്രൈമറി ആയ |
| | | |

അവസ്ഥാ വിശകലനം. കുട്ടികളുടെ എണ്ണം ക്ലാസ് അടിസ്ഥാനത്തിൽ

| ക്ലാസ്സ് | 2025-26 വർഷത്തെ കുട്ടികളുടെ എണ്ണം | | | എസ്.സി കുട്ടികൾ | | OEC കുട്ടികൾ | | OBC കുട്ടികൾ | | OBC(M) കുട്ടികൾ | |
|---|---|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 | 8 | 6 | 14 | 4 | 3 | 1 | 1 | 1 | 0 | 2 | 2 |
| 2 | 7 | 8 | 15 | 3 | 5 | - | - | 0 | 1 | 4 | 2 |
| 3 | 6 | 7 | 13 | 4 | 3 | 1 | 3 | - | - | 1 | 1 |
| 4 | 10 | 9 | 19 | 4 | 5 | 3 | 1 | 1 | 0 | 2 | 3 |
| 5 | 4 | 6 | 10 | 3 | 2 | 0 | 2 | 1 | 0 | 0 | 2 |
| 6 | 7 | 9 | 16 | 1 | 4 | 4 | 0 | - | - | 2 | 5 |
| 7 | 8 | 7 | 15 | 1 | 3 | 2 | 1 | - | - | 5 | 3 |

## പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയ അന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുക.
- വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- ഓരോ അധ്യാപികയും ആധുനിക സാങ്കേതികവിദ്യയുടെ സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമ്മിക്കുക.
- വിദ്യാർത്ഥികൾ തമ്മിലും വിദ്യാർത്ഥികളും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലുള്ള ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാകാൻ ഉതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- വിദ്യാർത്ഥികൾക്ക് ക്ലാസ്മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമേ കലാകായിക പ്രവൃത്തിപരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുക.
- ഓരോ വിദ്യാർത്ഥിയെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയത്തെ സജ്ജമാക്കുക.

## സമഗ്രഗുണമേന്മാ പദ്ധതി കാഴ്ചപ്പാടിലൂടെ.

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മ മെച്ചപ്പെടുത്തുക എന്നതാണ് സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ലക്ഷ്യം. ഓരോ കുട്ടിക്കും പ്രായത്തിനും ക്ലാസ്സിനും അനുയോജ്യമായ നിശ്ചിത ശേഷികൾ ആർജ്ജിച്ചു എന്ന് ഉറപ്പാക്കാൻ കഴിയണം. വിദ്യാലയങ്ങളുടെ ഭൗതികാന്തരീക്ഷം മെച്ചപ്പെടുത്തിനോടൊപ്പം പൊതുസമൂഹത്തിന്റെ പിന്തുണയോടെ അക്കാദമിക മികവിലേക്കുയരുന്ന പ്രവർത്തനങ്ങളാണ് വിദ്യാലയങ്ങളിൽ നടപ്പാക്കേണ്ടത്. എല്ലാ വിഭാഗം കുട്ടികളെയും പരിഗണിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ക്ലാസ്മുറികളിൽ നടപ്പാക്കേണ്ടത്. ഏറ്റവും മികച്ച വിദ്യാഭ്യാസം പൊതുവിദ്യാലയങ്ങളിൽ ലഭ്യമാക്കുന്ന തരത്തിൽ ഓരോ വിദ്യാലയവും മികവിന്റെ കേന്ദ്രങ്ങളായി മാറണം.

മേഖല: അക്കാദമികം - ഭാഷാപ്രവർത്തനങ്ങൾ (LP)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (മലയാളം, ഇംഗ്ലീഷ്) | പ്രീ-ടെസ്റ്റ് സ്കൂൾ തുറന്ന ആദ്യ ആഴ്ചയിൽ. പിന്നോക്കക്കാരായ കുട്ടികളുടെ ഗ്രൂപ്പ് നിർമ്മാണം. അക്ഷര ഉറപ്പിക്കൽ, അക്ഷര കാർഡ് അസംബ്ലിയിൽ വായന (വായനക്കാർഡ്, ചെറുകഥകൾ വായന, കാർഡ് നിർമ്മാണം, കഥ പറയൽ, ചിത്രം എഴുതൽ, വാക്യങ്ങൾ എഴുതൽ, അടിക്കുറിപ്പ്, കഥ ബാക്കി എഴുതൽ, ICT സാധ്യത ചിത്രം കാണിച്ച് വാക്യങ്ങൾ എഴുതൽ, പിന്നാക്കക്കാർക്ക് ക്ലാസ്, ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർ (SVSN - ചിത്ര നോട്ട് ബുക്ക്) | ജൂൺ മുതൽ നവംബർ | ക്ലാസ് അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണച്ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടിയെ മികച്ച വായനക്കാരൻ ആക്കുക. കുട്ടിയുടെ നിലവാരം പരിഗണിച്ചു കൊണ്ടുള്ള വായനാസാമഗ്രികളുടെ ശേഖരണവും നിർമ്മാണവും. | ക്ലാസ് ലൈബ്രറി ശാക്തീകരണം, ഒരു കുട്ടി ഒരു പുസ്തകം ക്ലാസ് ലൈബ്രറിയിലേക്ക്, ലൈബ്രറിയിലേക്ക് പുസ്തക ശേഖരണം. | ജൂൺ - 3-ാം വാരം<br>ജൂലൈ | | |
| | ഇംഗ്ലീഷ്, മലയാളം പത്രവായന അസംബ്ലിയിലും ക്ലാസ് മുറിയിലും.<br>* വായന | ദീർഘകാലം | ക്ലാസ് അധ്യാപകർ | |
| | * ഗ്രന്ഥശാലയിൽ അംഗത്വം<br>* വായനമത്സരം<br>* അമ്മവായന | ദീർഘകാലം | | |
| | * സാഹിത്യകാരന്മാരുമായി അഭിമുഖം | ഡിസംബർ-മാർച്ച് | | |
| കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക. | * സ്കൂളിൽ എത്തിയാൽ ഉടൻ അഞ്ചു വാക്യങ്ങൾ ഓരോ കുട്ടിയും എഴുതുക.<br>* കഥ കവിത രചനാമത്സരം<br>* കഥയരങ്ങ്, കവിതയരങ്ങ്, പ്രസംഗം<br>* കുട്ടിയുടെ സ്വന്തം രചനകൾ പതിപ്പ് നിർമ്മാണം | | വിദ്യാരംഗം ചുമതലയുള്ള അധ്യാപിക | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളെ ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് വായിച്ചാസ്വദിക്കുന്നതിനും ആവിഷ്കരിക്കുന്നതിനും പ്രാപ്തരാക്കുക | പാട്ടരങ്ങ്, ഉപകരണ ശില്പശാല സംഗീതോപകരണങ്ങളുടെ നിർമ്മാണം, പാട്ടരങ്ങിൽ പാഠഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ഉൾചേർത്ത് അവതരിപ്പിക്കൽ, പുതിയ കവിതകൾ വായനാ കാർഡുകൾ ആക്കൽ | ജൂൺ മുതൽ ഫെബ്രുവരി വരെ | ക്ലാസ് ടീച്ചർ, എസ്.ആർ.ജി, സി.പി.ടി.എ. | |
| ഭാഷയിലെ പഠനം മുന്നേറ്റത്തിന് സംഗീതം, ശ്രാവ്യ വായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു. | റീഡേഴ്സ് തിയേറ്റർ, പാഠപുസ്തകങ്ങളിലെയും ബാലസാഹിത്യ കൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കും | ജൂൺ മുതൽ ഫെബ്രുവരി വരെ | ക്ലാസ് ടീച്ചർ | |
| കുട്ടികളെ ആശയ പൂർണ്ണതയോടെ തത്സമയ ഭാഷണങ്ങൾ നടത്താൻ പ്രാപ്തരാക്കുന്നു. | എല്ലാ മാസവും കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവയ്ക്കുന്നു. സംയുക്ത ഡയറി, പുസ്തക രചനാക്കുറിപ്പ് SRGയിൽ അവതരണം. ഭാഷോത്സവം. | | ക്ലാസ് ടീച്ചർ എസ്.ആർ.ജി. | |

## മേഖല : ഗണിതം (LP)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സംഖ്യാബോധം ഉറപ്പിക്കൽ | പ്രീടെസ്റ്റ് നടത്തൽ, സംഖ്യകൾ എണ്ണാനും, എണ്ണിയെടുക്കാനും പറയാനും എഴുതാനും ഉതകുന്ന വിധത്തിലുള്ള കളികളിൽ ഏർപ്പെടൽ സംഖ്യാമാല, സംഖ്യാകാർഡ്, പാറ്റേൺ എന്നിവയുടെ രൂപീകരണം | ജൂൺ - ജൂലൈ | ക്ലാസ് അധ്യാപകർ, രക്ഷിതാക്കൾ | |
| ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | ഉല്ലാസഗണിതം പ്രവർത്തനങ്ങൾ, നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ, ഗണിത മൂല്യം, ഗണിത ലാബ്, ഗണിത കിറ്റ്, കണക്ക്പെട്ടി എന്നിവയുടെ നവീകരണം. വിവിധതരം ഗണിതകളികൾ. | ജൂൺ - ആഗസ്റ്റ് | അധ്യാപകർ ബി.ആർ.സി. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മെട്രിക് അളവുകൾ സമയം, കലണ്ടർ | മെട്രിക് അളവുകളുടെ നിർമ്മാണം, പ്രദർശനം | ഒക്ടോബർ | അധ്യാപകർ ബി ആർ സി. | |
| ജ്യാമിതിയ രൂപങ്ങൾ ഉറപ്പിക്കൽ | ജ്യാമിതിയ രൂപങ്ങൾ തിരിച്ചറിയൽ, നിർമ്മാണം, പ്രദർശനം ജിയോ ബോർഡ് | നവംബർ | അധ്യാപകർ രക്ഷിതാക്കൾ | |
| ഭിന്നസംഖ്യകൾ പരിചയപ്പെടൽ | കഥകൾ, കളികൾ, ഐ സി ടി | ഡിസംബർ | അധ്യാപകർ എസ്.ആർ.ജി. | |

## മേഖല: സാമൂഹ്യശാസ്ത്രം (LP)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| പ്രകൃതി സ്നേഹത്തിൽ ഊന്നിക്കൊണ്ടുള്ള പരിസരപഠന സമീപനം. പ്രകൃതി സംരക്ഷണത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തൽ | പ്രകൃതിനടത്തം, സ്കൂളും പരിസരവും നിരീക്ഷണവും ശേഖരണവും. വേരുകൾ, വിത്തുകൾ, തൂവലുകൾ, ഇലകൾ മുളക്കുന്ന വിത്തുകൾ ആൽബം നിർമ്മാണം. കൃഷിസ്ഥലം നിരീക്ഷണം. കൃഷിയുടെ വിവിധ ഘട്ടങ്ങൾ, സ്ഥലം സന്ദർശിക്കൽ - കർഷകനുമായി അഭിമുഖം ചരിത്രസ്മാരക സന്ദർശനം. സ്വന്തം പഞ്ചായത്തിലെ പൊതു സ്ഥാപനങ്ങൾ സന്ദർശനം. വിവരശേഖരണം, പ്ലാസ്റ്റിക് ജലസംരക്ഷണം ആവശ്യകത. വനങ്ങളുടെ പ്രാധാന്യം. ഊർജ്ജ സംരക്ഷണം അണക്കെട്ടുകൾ + നദികൾ സാമൂഹ്യശാസ്ത്ര ക്ലബ് | വർഷം മുഴുവൻ | ക്ലാസ് അധ്യാപകർ പി.ടി.എ. എം.പി.ടി.എ. | |

# മേഖല: ശാസ്ത്രം (LP)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരിസരപഠനപ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിനും പഠനനേട്ടങ്ങൾ ഉറപ്പിക്കുന്നതിനും എല്ലാ ക്ലാസ്സുകളിലും സയൻസ് കോർണർ ഉറപ്പാക്കൽ | ഓരോ ക്ലാസിനും ശാസ്ത്രമൂല ക്രമീകരിക്കൽ, ICT സാധ്യതകൾ ഉപയോഗപ്പെടുത്തി വിവരങ്ങൾ ശേഖരിച്ച് ശാസ്ത്രമൂലയിൽ പ്രദർശനം. ദിനാചരണങ്ങളോടനുബന്ധിച്ച്. ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം ശേഖരിക്കൽ, ചിത്രങ്ങൾ ഒട്ടിക്കൽ. | ജൂൺ-ജൂലൈ | ക്ലാസ് അധ്യാപകർ പി.ടി.എ. എം.പി.ടി.എ. | |
| കുട്ടികളിൽ നിരീക്ഷണപാടവവും ശാസ്ത്രാഭിരുചിയും വളർത്താൻ കഴിയും അതിലൂടെ പ്രകൃതിയെത്തൊട്ടറിയുന്ന പഠനത്തിന് പരിസര സൗഹൃദപരമായ ചുറ്റുപാട് ഒരുക്കൽ. | വിവിധ ഔഷധസസ്യങ്ങളുടെയും പൂച്ചെടികളുടെയും ശേഖരണം. സസ്യങ്ങൾ വിദ്യാലയ പരിസരത്ത് നട്ടുവളർത്തൽ. നിരീക്ഷണക്കുറിപ്പ് എഴുതൽ. എന്റെ പിറന്നാൾ എന്റെ ചെടി ആവിഷ്ക്കാരം. ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടൽ. ശാസ്ത്രമേളകൾ നടത്തൽ | | ക്ലാസ് അധ്യാപകർ പി.ടി.എ. എം.പി.ടി.എ. | |

# അക്കാഡമിക് മാസ്റ്റർ പ്ലാൻ 2024-25

## എൽ പി എസ് അറബിക്

ലക്ഷ്യങ്ങൾ :- 1. അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തു രീതി എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ്
2. ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ വായന പദനിർമ്മാണം പദശേഖരണം
3. ഉപചാര വാക്കുകൾ മനസ്സിലാക്കുന്നു പറയുന്നു
4. കഥ, കവിത എന്നിവ കേട്ട് ആസ്വദിക്കുന്നതിന്
5. മാഗസിൻ നിർമ്മാണം
6. ദിനാചരണങ്ങൾ പരിചയപ്പെടുന്നു

| ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ കണ്ടെത്തിയ പരിപാടികൾ | നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം | ഓരോ ഘട്ടത്തിലെയും പ്രതീക്ഷിത തെളിവുകൾ | പൊതുസമൂഹത്തിന്റെ മുൻപിൽ പങ്കിടുന്ന രീതികൾ | നിർവ്വഹണ കാലയളവ് |
|---|---|---|---|---|---|
| 1. അക്ഷര വായന<br>• എഴുത്തുരീതി<br>• ചിഹ്നങ്ങൾ ചേർത്തു വായന | 1.അക്ഷരകാർഡുകൾ നൽകുന്നു<br>2.അക്ഷരങ്ങൾക്ക് നിറം നൽകാൻ<br>3.ഉച്ചാരണശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു<br>4.അക്ഷരങ്ങൾ outline നൽകി എഴുതാൻ പരിശീലിപ്പിക്കുന്നു<br>5. ICTഉപയോഗിക്കുന്നു | 1.തെറ്റായരീതിയിൽ നൽകി കുട്ടി അക്ഷരങ്ങൾ തിരിച്ചറിയുന്നുണ്ടോ എന്ന് പരീക്ഷിക്കുന്നു<br>2.രക്ഷിതാവിന്റെ സഹായത്താൽ കുട്ടിയെ പരിശീലിപ്പിക്കുന്നു<br>3. അക്ഷരപഠന സഹായി ഉപയോഗിക്കുന്നു<br>4. വീടുകളിൽ അക്ഷരചാർട്ട് | 1.കുട്ടികൾ വായിക്കുന്നു ഉച്ചാരണശുദ്ധി ഉണ്ടാകുന്നു<br>2.ചിഹ്നങ്ങൾ തിരിച്ചറിയുന്നു | CPTA | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് |

| ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ കണ്ടെത്തിയ പരിപാടികൾ | നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം | ഓരോ ഘട്ടത്തിലെയും പ്രതീക്ഷിത തെളിവുകൾ | പൊതുസമൂഹത്തിന്റെ മുൻപിൽ പങ്കിടുന്ന രീതികൾ | നിർവ്വഹണ കാലയളവ് |
|---|---|---|---|---|---|
| പദനിർമാണം പദശേഖരണം | 1.അക്ഷരക്കാർഡുകൾ നൽകി പദങ്ങൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നു<br>2.പാഠപുസ്തകങ്ങൾക്ക് പുറമേ പുതിയ പദങ്ങൾ ശേഖരിക്കാൻ അവസരം നൽകാം<br>3. പദനിർമാണ മത്സരങ്ങൾ നടത്തുന്നു | രക്ഷിതാവിന്റെ സഹായത്തോടെ പരിശീലിപ്പിക്കുന്നു<br><br>ഒഴിവ് വേളകളിൽ അധിക പ്രവർത്തനങ്ങൾ നൽകാം | | CPTA | ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ |
| ഉപചാര വാക്കുകൾ മനസിലാക്കുന്നു | പാഠപുസ്തകത്തിലെ ഉപചാര വാക്കുകൾ<br>...........................................<br>നിത്യേന ക്ലാസ്സിൽ സന്ദർഭങ്ങൾക്ക് അനുസരിച്ച് ഉപയോഗിക്കുന്നു | വീടുകളിലും സന്ദർഭത്തിനനുസ-രിച്ച് പറഞ്ഞു ശീലിക്കാൻ | | CPTA | ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ നവംബർ |

| | | | | | |
|---|---|---|---|---|---|
| കവിത കേട്ട് ആസ്വദിക്കുന്നു<br><br>മാഗസിൻ നിർമ്മാണം | ചെറിയ കവിതകൾ കഥകൾ വായിച്ച് അവതരിപ്പിക്കുമ്പോൾ കഥാപാത്രങ്ങൾ ഉപചാരമാക്കുക പുതിയ പദങ്ങൾ എന്നിവ തിരിച്ചറിയുകയും വായിക്കാൻ പരിശീലിപ്പിക്കുകയും ചെയ്യുന്നു<br>ചിത്രങ്ങൾ വരക്കാം | ചെറിയ കഥാകവിത ബുക്കുകൾ വീടുകളിൽ നൽകി രക്ഷിതാവിന്റെ സഹായത്തോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു<br><br>ക്ലാസിൽ പദങ്ങൾ കണ്ടെത്തി മത്സരം നടത്തുന്നു | ചിത്രങ്ങൾ അക്ഷരങ്ങൾ പദങ്ങൾ ഉപചാര വാക്കുകൾ കഥ കവിത ശേഖരിച്ചത് ഇവയെല്ലാം ഉൾപ്പെടുത്തി ഒരു മാഗസിൻ നിർമ്മാണം | CPTA | ഡിസംബർ - മാർച്ച് |
| ദിനാചരണങ്ങൾ പരിചയപ്പെടൽ | ഓരോ ദിനാചരണത്തിന്റെയും ഭാഗമായി അറബിയിലുള്ള പ്ലക്കാർഡുൾ നിർമ്മിച്ച ചെറിയ വിവരങ്ങൾ നൽകുന്നു | രക്ഷിതാവിന്റെ സഹായത്തോടെ ചിത്രങ്ങൾ വരയ്ക്കുന്നതിനും സഹായം തേടുന്നു | | | ജൂൺ - മാർച്ച് |

U. P. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ജൈവ വൈവിധ്യ പാർക്ക് | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ വിവിധ ക്ലബ്ബുകൾ (സയൻസ്, ഊർജ്ജം, ഹെൽത്ത്) | പി.ടി.എ. |
| | വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, കണ്ടൽക്കാട് നിരീക്ഷണം, പുഴ അറിയാൻ യാത്രകൾ | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ വിവിധ ക്ലബ്ബുകൾ (സയൻസ്, ഊർജ്ജം, ഹെൽത്ത്) | രക്ഷിതാക്കൾ |
| | നിത്യജീവിതവുമായി ബന്ധപ്പെട്ട ലഘു പരീക്ഷണങ്ങൾ | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ വിവിധ ക്ലബ്ബുകൾ (സയൻസ്, ഊർജ്ജം, ഹെൽത്ത്) | |
| 2. ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കൽ. ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാൻ കഴിവ് വർദ്ധിപ്പിക്കുക. | ആധുനിക ശാസ്ത്രലോകത്തെ വിവിധ കണ്ടെത്തലുകൾ മോഡലുകൾ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

| | | | |
|---|---|---|---|
| | കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ശാസ്ത്രമാസികകൾ ഉൾപ്പെടുത്തിയ ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ |
| 3. ശാസ്ത്ര രംഗത്തെ നൂതന ആശയ-ങ്ങൾ ആധുനിക ശാസ്ത്ര-സാങ്കേതിക വിദ്യയുടെ സാധ്യത-കളുമായി ബന്ധപ്പെ-ടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെ-ടുത്തുക. | ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടു-ത്തങ്ങൾ, ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കുട്ടികൾ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ |

# മലയാളം - യു.പി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാനശേഷി വികസനം: ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | • പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരത്തിലൂടെ (കഥ, കവിത, അനുഭവക്കുറിപ്പ്, യാത്രാ വിവരണം) അവതരിപ്പിക്കുന്നു. | ജൂൺ | മലയാളം അധ്യാപകർ |
| | • അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ,, | ,, |
| | • അക്ഷരങ്ങളും ചിത്രങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങൾ, വാക്യങ്ങൾ നിർമ്മിക്കുക. | ,, | ,, |
| • പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പു വരുത്തുക | • പത്രം, മാസികകൾ എന്നിവ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | ,, |
| | • അതാത് മാസത്തെ പ്രധാന സംഭവങ്ങൾ, ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ 8 തവണ | മലയാളം ക്ലബ്ബ്. |

# മലയാളം - യു.പി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | • സാഹിത്യ ക്ലാസ്സ്, അഭിമുഖം എന്നിവ സംഘടിപ്പിക്കുന്നു. | വർഷത്തിൽ 2 തവണ | HM, മലയാളം അധ്യാപകർ. |
| | • എല്ലാ കുട്ടികളുടെയും സാഹിത്യ കൃതികൾ ഉൾപ്പെടുത്തി സ്കൂൾ മാഗസിന് തയാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ |
| • പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | • പാഠഭാഗവുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ അവതരിപ്പിക്കാൻ അവസരമൊരുക്കുന്നു. | അക്കാദമിക വർഷം | പി.ടി.എ, ക്ലബ്. |
| • ഭാഷാശേഷി വികസിപ്പിക്കൽ | നിഘണ്ടു നിർമ്മാണം. | ,, | മലയാളം അധ്യാപകർ. |

# സാമൂഹ്യ ശാസ്ത്രം – യു.പി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| • സാമൂഹികാവബോധം വളർത്തിയെടുക്കുക.<br>• രാജ്യത്തോടും ഭരണാധികാരികളോടും സാമൂഹ്യപരിഷ്കർത്താക്കൾ, സ്വാതന്ത്ര്യ സമര സേനാനികൾ എന്നിവരോടുള്ള ആദരവ് വളർത്തുക. | • സമൂഹത്തിനായി പ്രവർത്തിച്ച വ്യക്തികളുടെ ജീവിതവുമായി ബന്ധപ്പെട്ട ഡോക്യുമെന്ററി പ്രദർശനം.<br>• ആൽബം തയാറാക്കൽ<br>• ജീവചരിത്ര കുറിപ്പുകൾ തയാറാക്കൽ - അവതരണം<br>• സ്കൂൾ ലൈബ്രറിയിൽ നിന്നും പുസ്തകങ്ങൾ കണ്ടെത്തി വായിക്കുന്നു. | ദിനാചരണങ്ങൾ June – March. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| • ഭരണഘടന, മൗലിക അവകാശങ്ങൾ, കർത്തവ്യങ്ങൾ എന്നിവയെ കുറിച്ചുള്ള അവബോധം ജനിപ്പിക്കുക. | • ക്ലാസ്സ് സംഘടിപ്പിക്കുന്നു.<br>• ഭരണഘടനയുടെ ആമുഖം പരിചയപ്പെടൽ<br>• ക്വിസ് മത്സരങ്ങൾ | നവംബർ- ഡിസംബർ- ജനുവരി. | ,, |
| • ഭൂപടവായന<br>• കേരളം<br>• ഇന്ത്യ<br>• ലോകം<br>• ഗ്ലോബ്<br>• അക്ഷാംശരേഖാംശങ്ങൾ<br>• ഭ്രമണം, പരിക്രമണം, കാലാവസ്ഥാ വ്യതിയാനങ്ങൾ. | • ഭൂപടങ്ങൾ നിർമ്മാണം<br>• ക്വിസ് മത്സരങ്ങൾ<br>• പതിപ്പ് നിർമ്മാണം<br>• ഭൂപടം വായിച്ച് അവയെ കുറിച്ച് ധാരണ അവതരണം.<br>• വിവിധ തലങ്ങളിലൂടെ ആശയ രൂപീകരണം.<br>• വീഡിയോ പ്രദർശനം<br>• അറ്റ്ലസ് നിരീക്ഷണം<br>• സെമിനാർ അവതരണം.<br>• മാതൃകകൾ നിർമ്മിക്കൽ | ക്ലാസ്സുകളിൽ പാഠഭാഗവുമായി ബന്ധപ്പെടുത്തി June- march. | ,, |

Downloaded from: https://textbooksall.blogspot.com/

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend Your Ear- ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| | Follow Me If You Can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Breaking News ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | Missing Man അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Treasure Hunt വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്ത് | ഇംഗ്ലീഷ് അധ്യാപകർ | |

Downloaded from: https://textbooksall.blogspot.com/

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | Meet the Foreigner തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | One Man Show ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | I Too Can !! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | Leaning Ladder പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | F.M. Corner വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | Reader of the Month ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Reader of the Month നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |



27

Downloaded from: https://textbooksall.blogspot.com/

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | **My Droplets** കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Alert Zone** സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Run Baby Run** ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരുപ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Fun time Funda** കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകൻ | |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | **The Grand Camp** ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br>അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത്<br>ആറിന് **Role play** നാടകം എന്നിവ പ്രച്ഛന്നവേഷരായി<br>ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ.<br>ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി /ഫിലിം ഷോ | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ. ഭാരവാഹികൾ, രക്ഷിതാക്കൾ | |

BioVision

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപ്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,........ ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപ്പശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപ്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |



29

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

# അക്കാദമിക് മാസ്റ്റർപ്ലാൻ- ഹിന്ദി

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | **UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ.** | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ.<br>• അക്ഷരകാർഡ്,വാക്കുകൾ എഴുതിയ കാർഡ്<br>• class ൽ അക്ഷരമാല പ്രദർശനം.<br>• ഓൺലൈൻ അക്ഷരമാല കളികൾ.<br>• വാക്കുകൾ എഴുതിയ കാർഡുകൾ.<br>• വാക്കുകൾ നിർമ്മാണം<br>• വാക്യങ്ങളുടെ നിർമ്മാണം<br>• (HS വിഭാഗത്തിലെ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളിൽ PRE-TEST നടത്തി,മുകളിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കാം) | JUNE to AUGUST | അക്ഷരചാർട്ട് പാഠപുസ്തകം | BRC<br>DIET<br>SCERT(ആവശ്യമെങ്കിൽ)<br>Resource teachers |
| 2 | **വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക.)** | • വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം<br>• CWSN കുട്ടികളുടെ പങ്കാളിത്തം<br>• ............... | September to October | ഹിന്ദി നിഘണ്ടു. | PTA,BRC<br>Resource Teacher |

# അക്കാദമിക് മാസ്റ്റർപ്ലാൻ- ഹിന്ദി

| | | | | | |
|---|---|---|---|---|---|
| 3 | **ആശയങ്ങൾ തെറ്റുകൂടാതെ** പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം. (സുരീലി ഹിന്ദി) | • ഹിന്ദി അസംബ്ളി<br>• ദിനാചരണങ്ങൾ (പ്രത്യേകിച്ച് സെപ്തംബർ 14, ജനുവരി 10)<br>• ക്ലാസ് ലൈബ്രറി<br>• അധികവായന സാമഗ്രികൾ<br>• ചിത്രസഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>• ചിത്രം-അടിക്കുറിപ്പ്<br>• ചിത്രം-കഥ പറയൽ<br>• ചിത്രം-കഥ എഴുതൽ<br>• കഥ ബാക്കിഎഴുതൽ<br>• വായനമൂല<br>• ഹിന്ദിക്ളബ്ബ് പ്രവർത്തനങ്ങൾ | November to February. | പുസ്തകങ്ങൾ | BRC<br>DIET<br>PTA<br>SCERT |
| | | | | | |

# ACADAMIC MASTER PLAN - 2024-25

## GFUPS VATANAPPALLY - LP

## ARABIC

ലക്ഷ്യങ്ങൾ 1. അറബി അക്ഷരങ്ങളുടെ ഉച്ചാരണം എഴുത്ത് രീതി എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ്

2. ഉപചാരവാക്കുകൾ മനസ്സിലാക്കുന്നു പറയുന്നു.

3. ചിഹ്നങ്ങൾ തിരിച്ചറിഞ്ഞവായന പദനിർമ്മാണം പദശേഖരണം.

4. കഥ, കവിത എന്നിവ കേട്ട് ആസ്വദിക്കുന്നതിന്

5. വാക്യനിർമ്മാണം

6. ദിനാചരണങ്ങൾ പരിചയപ്പെടുന്നു.

| ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ നടപ്പിൽ വരുത്തേണ്ട വിശദമായ പരിപാടികൾ | നടപ്പിൽ വരുത്തേണ്ട പ്രവർത്തനങ്ങളുടെ സൂക്ഷ്മരൂപം | ഓരോ ഘട്ടത്തിന്റെയും പ്രതീക്ഷിത നേട്ടങ്ങൾ | നിർവഹണ കാലയളവ് |
|---|---|---|---|---|
| അക്ഷരവായന, എഴുത്ത് രീതി ചിഹ്നങ്ങൾ ചേർത്ത് വായന | അക്ഷരകാർഡുകൾ നൽകുന്നു. അക്ഷരങ്ങൾ നിറം നൽകി 1. ഉച്ചാരണശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു. അക്ഷരങ്ങൾ out line നൽകി എഴുതാൻ പരിശീലിപ്പിക്കുന്നു. | തെരഞ്ഞെടുത്തതിൽ നൽകി കുട്ടി അക്ഷരങ്ങൾ തിരിച്ചറിയുന്നുണ്ടോ എന്ന് പരിശോധിക്കുന്നു. 2. രക്ഷിതാവിന്റെ സഹായത്തോടെ കുട്ടിയെ പരിശീലിപ്പിക്കുന്നു. അക്ഷരപഠനസഹായി ഉപയോഗിക്കുന്നു. | കുട്ടികൾ വായിക്കുന്നു. ഉച്ചാരണശുദ്ധി ഉണ്ടാകുന്നു. ചിഹ്നങ്ങൾ തിരിച്ചറിയുന്നു. | ജൂൺ, ജൂലൈ ആഗസ്റ്റ് |
| പദനിർമ്മാണം പദശേഖരണം | അക്ഷരകാർഡുകൾ നൽകി പദങ്ങൾ നിർമ്മിക്കുവാൻ പരിശീലനം നൽകുന്നു. പാഠഭാഗങ്ങൾക്ക് പുറമെ പുതിയ പദങ്ങൾ ശേഖരിക്കുവാൻ അവസരം നൽകാം | രക്ഷിതാവിന്റെ സഹായത്തോടെ പരിശീലിപ്പിക്കുന്നു. ഒഴിവ് വേളകളിൽ അധിക പ്രവർത്തനങ്ങൾ നൽകാം | [illegible] ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ് കൂട്ടിവായന നടത്തുന്നു. | ആഗസ്റ്റ് സെപ്തംബർ ഒക്ടോബർ |

| | | | | |
|---|---|---|---|---|
| | | | | |
| | പദ്ധതിയോന്ന് മത്സരങ്ങളോടെത്തും. | | | |
| ഉപചാരവാക്കുകൾ മനസ്സിലാക്കുന്നു. | പാഠപുസ്തകത്തിലെ ഉപചാരവാക്കുകൾ നിത്യജീവിതത്തിൽ സന്ദർഭങ്ങൾക്കനുസരിച്ച് ഉപയോഗിക്കുന്നു. | വീടുകളിലും സന്ദർഭത്തിനനുസരിച്ച് പറയാൻ ശീലിപ്പിക്കാൻ പറയുന്നു. | | ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ നവംബർ |
| കവിതകേട്ട് ആസ്വദിക്കുന്നു. സംഭാഷണം അവതരിപ്പിക്കൽ | ചെറിയ കവിതകൾ കഥകൾ ഇവ വായിച്ച് ആസ്വദിപ്പിക്കുമ്പോൾ കഥാപാത്രങ്ങൾ ഉപചാരവാക്കുകൾ, പുതിയ പദങ്ങൾ എന്നിവ തിരിച്ചറിയുകയും വായിക്കാൻ പരിശീലിപ്പിക്കുകയും ചെയ്യുന്നു. | പാഠഭാഗത്തിലെ കഥാകവിതകൾ വീട്ടുകളിൽ രക്ഷിതാവിന്റെ സഹായത്തോടെ വായിക്കാൻ പരിശീലിപ്പിച്ച് അവതരിപ്പിക്കുവാൻ അവസരമൊരുക്കുന്നു. | ചിത്രങ്ങൾ, അക്ഷരങ്ങൾ, പദങ്ങൾ ഉപചാരവാക്കുകൾ കഥ, കവിത ശേഖരിച്ച് ഇവയെല്ലാം ഉൾപ്പെടുത്തി ഒരു മാഗസിൻ നിർമ്മാണം. | ഡിസംബർ മാർച്ച് |
| ദിനാചരണങ്ങൾ പരിചയപ്പെടൽ | ഓരോ ദിനാചരണങ്ങളോടനുബന്ധിച്ചി അവയിലുള്ള പ്രാധാന്യങ്ങൾ തിരിച്ചറിയ വിവരങ്ങൾ നൽകുന്നു. | രക്ഷിതാവിന്റെ സഹായത്തോടെ ചിത്രങ്ങൾ വരക്കുന്നതിനും സഹായം തേടുന്നു. | | ജൂൺ- to മാർച്ച് |

## മേഖല : കല.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ കലാഭിരുചി വളർത്തുന്നതിന് (പാട്ട്, നൃത്തം, ഉപന്യാസം) | കുട്ടികളുടെ കഴിവുകൾ അവതരിപ്പിക്കാൻ അവസരം മികച്ചവ തിരഞ്ഞെടുത്തു ബാലസഭയിൽ അവതരണം | ജൂൺ<br>ജൂൺ - ആഗസ്റ്റ് | പ്രധാനാധ്യാപിക. അധ്യാപകർ എസ് ആർ ജി | അധ്യാപകർ |
| പാട്ടരങ്ങ് | വായ്ത്താരികൾ, നാടൻ പാട്ടുകൾ എന്നിവയുടെ അവതരണവും താളം അനുസരിച്ച് ചുവട് വെയ്ക്കലും | ജൂൺ - മാർച്ച് | ക്ലാസ് അധ്യാപകർ | |
| റീഡേഴ്സ് തിയേറ്റർ കഥാവേള | ഉചിതമായ വായനാകാർഡുകൾ, കഥകൾ വായിക്കുന്നു. വേദികളിൽ സ്വതന്ത്രമായി കഥ പറയുന്നു. | ജൂലൈ ആഗസ്റ്റ് ഒക്ടോബർ | ക്ലാസ് അധ്യാപകർ | |

മേഖല: ആരോഗ്യം കായികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സംഗീതത്തിന്റെ അകമ്പടിയോടെ വ്യത്യസ്ത വ്യായാമ ങ്ങളിൽ സംഘമായി ഏർപ്പെടുന്നു. | സൂംബാ<br>ഐ.ടി. സാധ്യത ഉപയോഗപ്പെടുത്തുന്നു. [ക്ലാസ്സ് തലത്തിലും സ്കൂൾ തലത്തിലും] | ജൂൺ– മാർച്ച് | ക്ലാസ്സ് അധ്യാപകർ | |
| കുട്ടികളുടെ കായിക പരമായ കഴിവുകൾ വികസിപ്പിക്കൽ | സ്കൂൾ തലത്തിൽ കായിക മത്സരം നടത്തി വിജയികളെ കണ്ടെത്തൽ<br>കായികത്തിനായി പിരീയഡ് നീക്കിവയ്ക്കൽ<br>യോഗ ക്ലാസ്സ് സംഘടിപ്പിക്കൽ | അധ്യയന വർഷം മുഴുവൻ | പി.ടി.എ. അധ്യാപകർ | |
| ആരോഗ്യമുള്ള കുട്ടികളെ വാർത്തെടുക്കൽ | ഹെൽത്ത് സെന്ററിന്റെ സഹായം<br>ഓരോ ക്ലാസ്സിലെയും കുട്ടികളുടെ ശുചിത്വം ഉറപ്പുവരുത്തുന്നതി | | | |

| | | | | |
|---|---|---|---|---|
| | നായി ശുചിത്വ രജിസ്റ്റർ സൂക്ഷിക്കുക. ക്ലാസ്സും പരിസരവും ശുചിയാക്കുക. ഡ്രൈഡേ ആചരണം. കുട്ടികളുടെ തൂക്കവും ഉയരവും അളന്ന് പോഷകക്കുറവുള്ള കുട്ടികളെ കണ്ടെത്തി പരിഹാര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ. | | | |
| വ്യക്തിശുചിത്വം പാലിക്കുന്നതിന് ശരിയായ ഭക്ഷണ ശീലങ്ങൾ പിന്തുടരുന്നതിന് കഴിയുന്നു. | ഹെൽത്ത് ക്ലബ് രൂപീകരണം<br>ബോധവൽക്കരണം<br>ഭക്ഷ്യമേള | ജൂലൈ<br>ഒക്ടോബർ | ചാർജ്ജുള്ള അധ്യാപിക<br>ക്ലാസ് അധ്യാപകർ | |

# ഉപസംഹാരം.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ കൃത്യമായി നടപ്പാക്കുന്നതോടെ നമ്മുടെ സ്കൂളിലെ ഓരോ കുട്ടിയുടെയും സർവ്വതോൻമുഖമായ വികാസം സാധ്യമാകും. എല്ലാ വിദ്യാർത്ഥികളുടെയും അഭിരുചികൾ കണ്ടെത്താനും അവർ അർഹിക്കപ്പെട്ട ജീവിതം നേടുവാനും വിദ്യാർത്ഥികളെ സജ്ജമാക്കാനും നമുക്ക് സാധിക്കും. സമഗ്ര ഗുണമേന്മാ പദ്ധതിയും ലക്ഷ്യം വയ്ക്കുന്നതും നേടാനാവും.